(ബി) ഇതിനകം പോലീസ് നടത്തിയ അന്വേഷണത്തിൽ എന്തെങ്കിലും തെളിവുകൾ ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കുണ്ടറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മുളവന, പള്ളിയറ എന്ന സ്ഥലത്ത് 25-6-2004 പള്ളിയാപുത്തൻ വീട്ടിൽ താമസിച്ചുവന്നിരുന്ന ഗ്രേസിക്കുട്ടി, അവരുടെ ഭർത്താവ് മോനച്ചൻ ഇവരുടെ മൂന്നു കുട്ടികൾ എന്നിവരെ 25-6-2004 വൈകിട്ട് 3 മണിയോടുകൂടി മരിച്ചുകിടക്കുന്നതായി കാണപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ട ഗ്രേസിക്കുട്ടിയുടെ സഹോദരൻ ശ്രീ. സുമന്റെ മൊഴി ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുണ്ടറ പോലീസ് സ്റ്റേഷനിൽ ക്രൈം 434/04, സെക്ഷൻ 174 സി. ആർ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷിച്ചു വരികയുമാണ്.

(ബി) ഇതുവരെയുള്ള അന്വേഷണത്തിൽ തെളിവുകളൊന്നും ലഭിച്ചിട്ടില്ല. കേസ് ഊർജ്ജിതമായി അന്വേഷിക്കുന്നുണ്ട്.

അലനല്ലൂർ ഷൈലജയുടെ തിരോധാനത്തെക്കുറിച്ചന്വേഷണം

66 [3448] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലനല്ലൂർ 111 വില്ലേജിലെ മുങ്ങകുട്ടത്ത് താമസക്കാരിയായ ഷൈലജ എന്ന സ്ത്രീയെ കഴിഞ്ഞ ആറുമാസമായി കാണാനില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത്;

(സി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) അന്വേഷണത്തിന്റെ താല്ക്കാലിക റിപ്പോർട്ട് വിശദമാക്കാമോ;

(ഇ) ഇതേക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തണമെന്ന് ആക്ഷൻ കൗൺസിലിന്റെ ആവശ്യം ഗവൺമെന്റ് പരിഗണിക്കുന്നുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംഭവത്തെക്കുറിച്ച് നാട്ടുകൽ പി. എസ്. ക്രൈം. 7/04/ യു/സി. മേൻ മിസ്സിംഗ് ആയി 23-1-2004-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നാട്ടുകൽ എ. എസ്. ഐ. അന്വേഷണം നടത്തി വരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) ഷൈലജയെ കാണാനില്ലെന്ന ടിയാളുടെ മകൻ ബിജു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നാട്ടുകൽ പി. എസ്. ക്രൈം 7/04 യു/സി മേൻ മിസ്സിങ് ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിയതിലും ടി. വി. യിലും മറ്റും ടിയാളുടെ ഫോട്ടോ പരസ്യപ്പെടുത്തിയതിലും യാതൊരു വിവരവും കിട്ടിയിട്ടില്ലാത്തതാണ്. നാട്ടുകൽ എ. എസ്. ഐ.-യുടെ നേതൃത്വത്തിൽ ഊർജ്ജിതമായി കേസ് അന്വേഷിച്ചുവരുന്നു.

(ഇ) പരിശോധിക്കുന്നതാണ്.

മലപ്പുറം ജില്ലാ പോലീസ് അഡ്വൈസറി കമ്മിറ്റി

67 [3451] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാ ലെവൽ പോലീസ് അഡ്വൈസറി കമ്മിറ്റി ഈ വർഷം എത്ര പ്രാവശ്യം യോഗം ചേരുകയുണ്ടായി;

(ബി) ഇതിന്റെ യോഗം അവസാനമായി ചേർന്നതെന്നാണ്;

(സി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്;

(ഡി) കമ്മിറ്റിയുടെ യോഗം ചേരുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ഈ കമ്മിറ്റി കൂടുന്നതിനുള്ള സമയപരിധി ലംഘിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) കമ്മിറ്റിയുടെ യോഗം വിളിച്ചു ചേർക്കേണ്ട ചുമതല ആർക്കാണ്;

(ജി) ബന്ധപ്പെട്ട ആൾ ഏൽപ്പിക്കപ്പെട്ട ചുമതലയിൽ വല്ല വീഴ്ചയും വരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(എച്ച്) ഈ അഡ്വൈസറി കമ്മിറ്റിയുടെ യോഗം എന്നാണ് ചേരുന്നതെന്ന് വ്യക്തമാക്കാമോ;

(ഐ) മുടക്കം കൂടാതെ നടക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഐ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly